# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 22 18.03.2013-ൽ മറുപടിക്ക്

## സേവനാവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി.വിഷ്ണുനാഥ്**<br>**ശ്രീ.കെ.ശിവദാസൻ നായർ**<br>**ശ്രീ.റ്റി.എൻ.പ്രതാപൻ**<br>**ശ്രീ.വർക്കല കഹാർ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശ നിയമം നടപ്പാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. 2012 നവംബർ 1-ാം തീയതി മുതൽ കേരള സംസ്ഥാന സേവനാവകാശ നിയമം നിലവിൽ വന്നിട്ടുണ്ട്. |
| (ബി) എത്ര വകുപ്പുകളിലാണ് നിയമം നടപ്പാക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ചുവടെപ്പറയുന്ന 26 സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ പ്രസ്തുത ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

1 വനം-വന്യജീവി വകുപ്പ്
2 ട്രഷറി വകുപ്പ്
3 കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
4 പട്ടികജാതി വികസന വകുപ്പ്, സെക്രട്ടേറിയേറ്റ്
5 പട്ടികജാതി വികസന വകുപ്പിന്റെ കീഴിലെ സ്ക്രൂട്ടിനി കമ്മിറ്റി
6 പട്ടിക ജാതി വികസന വകുപ്പ്
7 പട്ടിക ജാതി - പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ
8 എക്സൈസ് വകുപ്പ്
9 ലോട്ടറി വകുപ്പ്
10 രജിസ്ട്രേഷൻ വകുപ്പ്
11 വാണിജ്യ നികുതി വകുപ്പ്
12 സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വകുപ്പ്, സെക്രട്ടേറിയറ്റ്.
13 സൈനിക ക്ഷേമ വകുപ്പ്
14 സിവിൽ സപ്ലൈസ് വകുപ്പ്

15 പോലീസ് വകുപ്പ്

16 ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്, സെക്രട്ടേറിയറ്റ്.

17 വിവര സാങ്കേതിക വകുപ്പ്, സെക്രട്ടേറിയറ്റ്.

18 റവന്യൂ വകുപ്പ്

19 കോളേജ് വിദ്യാഭ്യാസ വകുപ്പ്.

20 കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്.

21 നോർക്ക, സെക്രട്ടേറിയറ്റ്.

22 സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്.

23 ഭവന നിർമ്മാണ വകുപ്പ് (സാങ്കേതിക വിഭാഗം)

24 ഭവന നിർമ്മാണ ബോർഡ്.

25 സംസ്ഥാന നിർമ്മിതി കേന്ദ്രം.

26 പട്ടിക വർഗ്ഗ വികസന വകുപ്പ്.

(സി) നിയമത്തിൽ അനുശാസിച്ചിട്ടുള്ള എല്ലാ വകുപ്പുകളിലും നിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് ; വിശദമാക്കുമോ;

(ഡി) ഈ പരിപാടി സമയബന്ധിതമായി പൂർത്തിയാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) യും (ഡി) യും സർക്കാരിന്റെ എല്ലാ വകുപ്പുകളും/സ്ഥാപനങ്ങളും പ്രസ്തുത നിയമപ്രകാരമുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ടി നിയമപ്രകാരം, നിയമം നിലവിൽ വന്ന് 6 മാസത്തിനുള്ളിൽ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ പ്രസ്തുത നിയമം നടപ്പിലാക്കുന്നതിലേയ്ക്ക് 3-ാം വകുപ്പ് പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്.

(ഇ) സേവനങ്ങൾ ഓൺലൈൻ വഴി ലഭിക്കുന്നതിനും കൂടുതൽ മേഖലകൾ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

(ഇ) സേവനങ്ങൾ ഓൺലൈൻ വഴി ലഭിക്കുന്നത് സംബന്ധിച്ച് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ടി നിയമം 3-ാം വകുപ്പ് പ്രകാരം തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്യുവയൊഴികെ, ഈ ആക്ടിന്റെ പ്രാരംഭം മുതൽ ആറു മാസത്തിനകം, ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പുമേധാവിയും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും, ഓരോ നിയമാധിഷ്ഠിത നികായവും, അവ

ഓരോന്നും നൽകുന്നതായ സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ, ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. പ്രസ്തുത നിയമം 2(ജി) വകുപ്പ് പ്രകാരം "സേവനം" എന്നാൽ തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമോ, അതത് സമയം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമോ ഏതെങ്കിലും സർക്കാർ വകുപ്പോ അതിൻ കീഴിലോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനമോ അല്ലെങ്കിൽ ഒരു സംസ്ഥാന പൊതുമേഖലാ സ്ഥാപനമോ അല്ലെങ്കിൽ ഒരു നിയമാധിഷ്ഠിത നികായമോ പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യേണ്ടതായ 3-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെടാവുന്ന, ഏതെങ്കിലും സേവനം എന്നർത്ഥമാകുന്നു.

Preetha CS
സെക്ഷൻ ഓഫീസർ.